# പതിനഞ്ചാം കേരള നിയമസഭ

## പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
## (2021-23)

### രണ്ടാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ
സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങളെ
അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

## പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
## (2021-23)

## രണ്ടാമത് റിപ്പോർട്ട്

**(2023 ആഗസ്റ്റ് മാസം 8 -ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ
സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങളെ
അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

# ഉള്ളടക്കം

പേജ്


സമിതിയുടെ ഘടന .. v

ആമുഖം .. vii

റിപ്പോർട്ട് .. 1—9

അനുബന്ധം

I. സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾക്കനുസൃതമായി തീർപ്പാക്കിയ ഫയലുകളുടെ പട്ടിക .. 10–14

II. സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ പരിഹൃതമാകാത്ത ഫയലുകളുടെ പട്ടിക .. 15-57

## സമിതിയുടെ ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. പി.എസ്. സുപാൽ

**അംഗങ്ങൾ :**

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എ.എം. ബഷീർ, സെക്രട്ടറി

ശ്രീമതി. ദീപ ആർ കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. സുനിത സി ., അണ്ടർ സെക്രട്ടറി

## ആമുഖം

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

04.04.2023-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി.എസ്. സുപാൽ,**
അദ്ധ്യക്ഷൻ,
പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
10-8-2023

## റിപ്പോർട്ട്

ഭരണഘടന ഭാരതത്തിലെ എല്ലാ പൗരന്മാർക്കും തുല്യമായ സാമൂഹിക പദവി വിഭാവനം ചെയ്യുന്നു. പൗരാണിക ഭാരതസംസ്കാരത്തിന്റെ അവശേഷിപ്പുകളിലൊന്നായ വർണവ്യവസ്ഥയുടെ ബാക്കിപത്രമായി തുടർന്ന ജാതിവ്യവസ്ഥയുടെ സാന്നിദ്ധ്യം സ്വാതന്ത്ര്യാനന്തര ഭാരതത്തിലും പ്രകടമായിരുന്നു. ജീവനോപാധിയായ തൊഴിലിന്റെ പേരിൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും പാർശ്വവൽകരിക്കപ്പെട്ട വലിയൊരു വിഭാഗം ജനതയുടെ സാർവ്വോന്മുഖമായ പുരോഗതിയിലൂടെ മാത്രമേ രാഷ്ട്രപുരോഗതി കൈവരിക്കാനാകൂ എന്ന തിരിച്ചറിവിൽ നിന്നും അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൈപിടിച്ചുകൊണ്ടുവരുന്നതിനായി വിവിധ സർക്കാരുകൾ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ സംവരണം ഏർപ്പെടുത്തുകയും വിവിധ കമ്മീഷനുകൾ രൂപീകരിക്കുകയുമുണ്ടായി. പിന്നാക്ക വിഭാഗങ്ങൾക്കായി വിഭാവനം ചെയ്ത പദ്ധതികളുടെ ഗുണഫലങ്ങൾ പലപ്പോഴും അവർക്ക് കിട്ടാക്കനിയായി മാറുന്ന സാഹചര്യം ഉടലെടുക്കുകയും അവർ കൂടുതൽ പിൻതള്ളപ്പെടുകയും ചെയ്തതോടെ പ്രസ്തുത പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽവരെ എത്തുന്നുണ്ടോയെന്നും അർഹമായ പ്രതിനിധ്യം ലഭിക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനും പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പുരോഗതി അവലോകനം ചെയ്യുന്നതിനും ഉന്നമനത്തിനാവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനും അവരുടെ പരാതികൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനും തീർപ്പ്കല്പിക്കുന്നതിനും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജനപ്രതിനിധികൾ അംഗങ്ങളായ സമിതികൾക്ക് രൂപം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി, പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കുമായി, 1994 ഫെബ്രുവരി 4-ാം തീയതി കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി രൂപീകൃതമായി. ചെയർമാനുൾപ്പെടെ ആകെ ഒൻപത് അംഗങ്ങളുള്ള പ്രസ്തുത സമിതിയിലെ ആറ് അംഗങ്ങൾ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്.

2) പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ പുനസംഘടിപ്പിച്ച ശ്രീ. ചിറ്റയം ഗോപകുമാർ ചെയർമാനായുള്ള പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ(2019-2021) കാലാവധി 2021 മേയ് മാസത്തോടെ അവസാനിച്ചു.

3) പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിലെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി(2021-2023) 2021 ജൂൺ 15-ാം തീയതി രൂപീകൃതമായി.

4) സമിതി ഒരു മാസത്തിൽ മൂന്ന് യോഗങ്ങൾ ചേരാവുള്ളവയിൽ രണ്ട് യോഗങ്ങൾ തലസ്ഥാനത്തുവച്ചും ഒരു യോഗം ജില്ലാ ആസ്ഥാനങ്ങളിൽ വച്ചും ചേരുന്ന രീതിയാണ് പിൻതുടർന്നുവരുന്നത്. കൂടാതെ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ടതും ദീർഘകാലമായി പരിഹാരം കാണാത്തതുമായ ഹർജികളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പും നടത്തിവരുന്നു.

5) ജില്ലാ ആസ്ഥാനങ്ങളിൽ ചേരുന്ന യോഗങ്ങളിൽ പിന്നാക്ക സമുദായ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ സംഘടനാ പ്രതിനിധികളുമായും വ്യക്തികളുമായും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും അവരിൽ നിന്ന് ഹർജികൾ സ്വീകരിക്കുകയും അവയിൽ ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയുന്നവ ഉടൻ തന്നെ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി പരിഹാരം കാണുകയും ചെയ്യുന്നു.

6) കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്ന കാലയളവായതിനാൽ റിപ്പോർട്ട് കാലയളവിൽ സമിതിയ്ക്ക് വളരെ കുറച്ച് യോഗങ്ങൾ മാത്രമേ ചേരാൻ സാധിച്ചിരുന്നുള്ളൂ. ടി കാലയളവിൽ സമിതി 11 യോഗങ്ങൾ ചേർന്നു. അതിൽ, സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനായി ചേർന്ന 10 യോഗങ്ങളും ഒരു തെളിവെടുപ്പ് യോഗവും ഉൾപ്പെടുന്നു. റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം നേരിട്ട ഹർജികളിന്മേൽ പിന്നാക്ക വിഭാഗ വികസനം, അച്ചടിയും സ്റ്റേഷനറിയും, ഉന്നത വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തി. കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് നിശ്ചിത എണ്ണത്തിൽക്കൂടുതൽ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് യോഗങ്ങൾ ചേരുന്നതിന് നിയന്ത്രണങ്ങളുണ്ടായിരുന്നതിനാൽ സമിതിയ്ക്ക് ജില്ലാതലത്തിൽ യോഗങ്ങൾ ചേരുവാൻ സാധിച്ചിരുന്നില്ല. റിപ്പോർട്ട് കാലയളവിൽ സമിതിയ്ക്ക് 21 പുതിയ ഹർജികൾ ലഭിച്ചു.

7) റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച വിവിധ ഹർജികളിന്മേലും സമിതി പഠന വിധേയമാക്കിയ വിഷയങ്ങളിന്മേലും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളുടേയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിലുള്ള സമിതി നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

8) പണ്ഡിതർ വിഭാഗത്തെയും അതിന്റെ അവാന്തര വിഭാഗങ്ങളെയും ക്രീമിലെയർ പരിധിയിൽ നിന്നും ഒഴിവാക്കുക എന്ന ആവശ്യം മുൻനിർത്തി അഖില കേരള പണ്ഡിതർ മഹാജനസഭ ജനറൽ സെക്രട്ടറി ശ്രീ. എസ്. ഷിജുകുമാർ എരുമേലി സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാരമ്പര്യ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ ക്രീമിലെയർ പരിധിയിൽ നിന്ന് ഒഴിവാക്കിയതുപോലെ സമൂഹത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന പരമ്പരാഗത ബാർബർ തൊഴിലാളി വിഭാഗമായ പണ്ഡിതർ വിഭാഗത്തെയും അവാന്തര വിഭാഗങ്ങളെയും ക്രീമിലെയറിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നത് സംബന്ധിച്ച് പഠനം നടത്തേണ്ടതുണ്ടെന്ന് സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. <u>ആയതിനാൽ പണ്ഡിതർ വിഭാഗങ്ങളെയും അവാന്തര വിഭാഗങ്ങളെയും ക്രീമിലെയറിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നത് സംബന്ധിച്ച് അടിയന്തരമായി പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

9) പിന്നാക്ക വിഭാഗ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും അവരുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പുരോഗതി അവലോകനം ചെയ്യാനും ബാധ്യസ്ഥമായ സമിതി എന്ന നിലയിൽ സംവരണവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പുറത്തിറങ്ങുന്ന സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ, പിന്നാക്ക വിഭാഗക്കാർക്കായി വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളുടേയും വിവിധ സ്കോളർഷിപ്പുകളുടേയും ഗ്രാന്റുകളുടേയും വിശദാംശം എന്നിവ ലഭിക്കേണ്ടത് സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ സംവരണവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പുറത്തിറങ്ങുന്ന സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ, പിന്നാക്ക വിഭാഗക്കാർക്കായി വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളുടേയും വിവിധ സ്കോളർഷിപ്പുകളുടേയും ഗ്രാന്റുകളുടേയും വിശദാംശം എന്നിവ സമയബന്ധിതമായി സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

10) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള സംവരണ മാനദണ്ഡങ്ങൾ സംബന്ധിച്ച് തെളിവെടുപ്പ് യോഗത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിൽ നിന്ന് ഗവൺമെന്റ് സ്കൂളുകളിൽ ഹയർ സെക്കൻഡറി പ്രവേശനത്തിന് ഒ.ബി.സി.ക്ക് 28 ശതമാനവും വൊക്കേഷണൽ ഹയർ സെക്കൻഡറിക്ക് 30 ശതമാനവും സംവരണമുണ്ടെന്നും എന്നാൽ എയ്ഡഡ് സ്കൂളുകളിൽ എസ്.സി./എസ്.ടി.ക്ക് മാത്രമേ സംവരണമുള്ളുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിലെ പ്രവേശനത്തിന് പിന്നാക്ക വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ എയ്ഡഡ് സ്കൂളുകളിലെ</u>

ഹയർസെക്കൻഡറി പ്രവേശനത്തിന് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം അനുകൂല നടപടി ഉണ്ടായ ഏതാനും ഹർജികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പത്മശാലി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പത്മശാലി സമാജം, ഹോസ്ദുർഗ്ഗ് സമർപ്പിച്ച ഹർജി.

(ഫയൽ നം.7395/ബി.സി.സി.2/2002/നി.സെ.)

കാസർഗോഡ് ജില്ലയിലെ കന്നട ഭാഷാ ന്യൂനപക്ഷ സമുദായമായ പത്മശാലി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പത്മശാലി സമാജം ഹോസ്ദുർഗ്ഗ് 02.02.2002-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് 17.09.2008-ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ പത്മശാലി സമുദായത്തിന്റെ പേര് സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കാസർഗോഡ് കളക്ടറേറ്റിൽ വച്ച് 25.7.2008-ൽ നടന്ന സിറ്റിംഗിൽ പിന്നോക്ക വിഭാഗ കമ്മീഷൻ നിവേദകരെ നേരിട്ട് കേൾക്കുകയും നാഷണൽ കമ്മീഷൻ ഫോർ ബാക്ക് വേർഡ് ക്ലാസ്സസ് ടി സമുദായത്തിന് അയച്ചുകൊടുത്ത ചോദ്യാവലി പൂരിപ്പിച്ച് ടി കമ്മീഷന് അയച്ചുകൊടുക്കുവാനും ആയതിന്റെ ഒരു പകർപ്പ് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത ചോദ്യാവലി പൂരിപ്പിച്ച് ഇതുവരെ ലഭിച്ചിട്ടില്ലെന്നും ചോദ്യാവലിക്കുള്ള മറുപടി ലഭ്യമാക്കിയാൽ മാത്രമേ കമ്മീഷന് സർക്കാരിലേയ്ക്ക് ഉപദേശം നൽകുവാനാകൂ എന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 12.05.2009-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു. തുടർന്ന്, 16.06.2009-ൽ പത്മശാലി സമാജം പ്രസിഡന്റ് സമിതി മുമ്പാകെ വീണ്ടും ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജിയിൽ കേരളത്തിൽ പത്മശാലി സമുദായത്തെ ശാലിയ സമുദായത്തിന്റെ ഉപവിഭാഗമായി അംഗീകരിച്ച് വിദ്യാഭ്യാസ സംവരണം മാത്രമാണ് ലഭിക്കുന്നതെന്നും ഉദ്യോഗപരമായി യാതൊരു സംവരണവും ലഭിക്കുന്നില്ലെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചതിൻപ്രകാരം 27.11.2008-ൽ തിരുവനന്തപുരത്ത് ചേർന്ന ദേശീയ പിന്നോക്ക വിഭാഗ കമ്മീഷന്റെ യോഗത്തിൽ ഹർജിക്കാർ പങ്കെടുക്കുകയും ടി യോഗത്തിൽ അനുകൂലമായ തീരുമാനമുണ്ടാകുമെന്ന് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുസംബന്ധിച്ച് ഉത്തരവൊന്നും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പത്മശാലി സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ

ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നമാണ് ടി ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

സമിതിയുടെ 31.10.2017-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത വിഷയം പരിഗണിക്കവെ, കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം കാസർഗോഡ് കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എത്രയും വേഗം നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാമെന്നും കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാർ സമിതി മുൻപാകെ വ്യക്തമാക്കിയിരുന്നു. തുടർന്ന്, ഇതേ വിഷയം സംബന്ധിച്ച് ഹർജിക്കാരൻ വീണ്ടും സമിതി മുൻപാകെ സമർപ്പിച്ച ഹർജിയും അടിയന്തര റിപ്പോർട്ടിനായി 28.12.2017-ലെ കത്തു മുഖേന വകുപ്പിലേക്കയച്ചിരുന്നു. തുടർന്നും മറുപടി ലഭ്യമാക്കാത്തതിനെ തുടർന്ന് ടി വിഷയം 19.12.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി വീണ്ടും പരിഗണിക്കുകയും പ്രസ്തുത ഹർജിയിന്മേൽ ഹോസ്ദുർഗ്ഗ് തഹസിൽദാരിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർ മുഖേന റിപ്പോർട്ട് ലഭ്യമായിട്ടും അതിന്മേൽ നടപടി സ്വീകരിക്കാതെ വീണ്ടും കിർത്താഡ്സിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ യാതൊരു ഔചിത്യവുമില്ലെന്ന് അഭിപ്രായപ്പെടുകയും പത്മശാലി സമുദായം ശാലിയ സമുദായത്തിന്റെ ഉപവിഭാഗമായി ഉൾപ്പെടുത്തേണ്ടവർ തന്നെയാണെന്നുള്ള അനുകൂല മറുപടി ഹോസ്ദുർഗ്ഗ് തഹസിൽദാരിൽ നിന്നും ലഭിച്ചിട്ടും വീണ്ടും കിർത്താഡ്സിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ വൈകുന്ന നടപടി ന്യായീകരിക്കാനാവില്ലെന്നും ആയതിനാൽ പ്രസ്തുത ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

തുടർന്ന്, പിന്നാക്ക വിഭാഗ വികസന വകുപ്പ് 11.12.2020 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ, 28.05.2020-ലെ സ.ഉ.(കൈ)നം.08/2020/പിവിവിവ ഉത്തരവ് പ്രകാരം പത്മശാലി സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 17.02.2021-ലെ യോഗത്തിൽ സമിതി പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സമിതി മുമ്പാകെ 02.02.2002-ൽ സമർപ്പിച്ച ഹർജിയിന്മേൽ അനുകൂലമായ മറുപടി ലഭ്യമാകാൻ ദീർഘനാൾ വേണ്ടിവന്നു. എങ്കിലും സമിതിയുടെ നിരന്തരമായ ഇടപെടൽ മൂലം പ്രസ്തുത ഹർജിയിന്മേൽ അനുകൂല നടപടിയുണ്ടായതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുന്നു.

2. ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് ഭവനനിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി ഓമന സി., ശ്രീ.കെ. സുരേഷ് എന്നിവർ സമർപ്പിച്ച ഹർജികൾ.

(ഫയൽ നം.3102/ബി.സി.സി.2/2018/നി.സെ.)

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന തനിക്ക് ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് വീട് അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ശ്രീമതി ഓമന സി., തിരുവനന്തപുരം 29.05.2018-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് വീട് പുതുക്കി പണിയുന്നതിന് ആനുകൂല്യം ലഭ്യമാക്കണമെന്നാണ് ശ്രീ. കെ. സുരേഷ്, തിരുവനന്തപുരം 28.05.2018-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹർജികൾ തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ചുകൊടുത്തിരുന്നു. തുടർന്ന് തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് 05.04.2021-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

"ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ 2017-ലെ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനാ ഫോറത്തിൽ ശ്രീമതി ഓമന സി., തെക്കേമലഞ്ചരിവ്, എരുത്താവൂർ എന്നയാൾ സ്വന്തമായി ഭവനം ഉള്ളതായി രേഖപ്പെടുത്തിയിരുന്നതിനാലാണ് സോഫ്റ്റ് വെയർ മുഖേന ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവാക്കപ്പെട്ടതെന്നും ടിയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ വീട് വാസയോഗ്യമല്ലെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നത് ആവശ്യമാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017 ഡിസംബറിൽ നിലവിൽ വന്ന ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർക്ക് പുതുതായി അപേക്ഷ സമർപ്പിക്കാൻ അവസരം ലഭ്യമായപ്പോൾ ശ്രീമതി ഓമന സി. ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും എരുത്താവൂർ വാർഡിലെ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 16 ആയി ടിയാൾ ഉൾപ്പെട്ടിട്ടുള്ളതായും ടി സാഹചര്യത്തിൽ ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 2019 ജനുവരി മാസം 28 ന് നടന്ന എരുത്താവൂർ വാർഡിന്റെ ഗുണഭോക്തൃ ഗ്രാമസഭയിൽ ശ്രീ. സുരേഷ് അപേക്ഷ സമർപ്പിക്കുകയും ടി വാർഡിന്റെ ഭവന പുനരുദ്ധാരണ ലിസ്റ്റിൽ ടിയാൻ ഉൾപ്പെടുകയും 08.10.2020-ന് കരാറിൽ ഏർപ്പെട്ട് 20,000/- രൂപ കൈപ്പറ്റുകയും ചെയ്ത വിവരം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 16.09.2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിക്കുകയും ചെയ്തു.

3. <u>കുണ്ടറ എ.ഇ.ഒ.യുടെ കീഴിൽ വരുന്ന കൊട്ടുവിള സെന്റ് ഫ്രാൻസിസ് യു.പി.എസ്.-ലെ എൽ.പി.എസ്.എ. തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് ശ്രീമതി സുനിമോൾ ജെ., കൊല്ലം സമർപ്പിച്ച ഹർജി.</u>

(ഫയൽ നം.1561/ബി.സി.സി.2/2019/നി.സെ.)

കുണ്ടറ എ.ഇ.ഒ. യുടെ കീഴിൽ വരുന്ന കൊട്ടുവിള സെന്റ് ഫ്രാൻസിസ് യു.പി. സ്കൂളിലെ എൽ.പി.എസ്.എ. തസ്തികയിൽ 3.6.2013-ൽ നിയമനം ലഭിച്ച ഹർജിക്കാരി നിർദ്ദിഷ്ട സമയത്തിനുള്ളിൽ അംഗീകാരത്തിനായി നിയമന ഉത്തരവ് സമർപ്പിച്ചുവെങ്കിലും നടപടി സ്വീകരിക്കാതെ കുണ്ടറ എ.ഇ.ഒ. ഓഫീസിലെ ഉദ്യോഗസ്ഥർ ഫയൽ വച്ച് താമസിപ്പിച്ചുവെന്നും തുടർന്ന് 30.9.2016-ൽ ടിയാളുടെ നിയമനം അന്യായമായി നിരസിച്ചുവെന്നും ആയതിന്മേൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ അനുകൂല ഉത്തരവുണ്ടായിട്ടും 3.6.2013 മുതൽ 31.3.2014 വരെയുള്ള കാലയളവ് ദിവസവേതനത്തിൽ പരിമിതപ്പെടുത്തിയാണ് അംഗീകാരം നൽകിയതെന്നും തുടർന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 2013 ജൂൺ മുതൽ 2016 ജനുവരി വരെയുള്ള 32 മാസത്തെ ശമ്പളതുകയായ 8,20,847/- രൂപ ടിയാൾക്ക് പണമായി മാറുന്നതിനുള്ള അനുമതി കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി ഉത്തരവായിട്ടും ടി ഉത്തരവ് പാലിക്കാതെ കുടിശ്ശിക ശമ്പളം നാളിതുവരെ മാറി നൽകിയിട്ടില്ലെന്നും തുടർന്ന് ടിയാളുടെ നിയമനാംഗീകാരം റദ്ദ് ചെയ്യുകിട്ടുന്നതിന് കുണ്ടറ എ.ഇ.ഒ.യിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കത്തയയ്ക്കുകയുണ്ടായെന്നും അതിന്മേലും ടിയാൾക്ക് അനുകൂലമായ ഉത്തരവാണ് ലഭിച്ചതെന്നും ആയതിനാൽ സമിതി ഇടപെട്ട് തനിക്ക് നീതി ഉറപ്പാക്കണമെന്നുമാണ് 11.03.2019-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ടി ഹർജി പൊതുവിദ്യാഭ്യാസ വകുപ്പിലേക്കയച്ചുകൊടുത്തതിനെ തുടർന്ന് വകുപ്പ് 28.12.2020 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ, കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26.02.2020 തീയതിയിലെ സി/583/2020 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി സുനിമോൾ ജെയുടെ 03.06.2013 മുതൽ തുടർച്ചയായുള്ള നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അപ്പീൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും കൂടാതെ കൊല്ലം ജില്ലാ

വിദ്യാഭ്യാസ ഓഫീസറുടെ 09.12.2020 തീയതിയിലെ ബി3/2451/2020/കെ/ഡിസ് ഉത്തരവ് പ്രകാരം ശ്രീമതി സുനിമോൾ ജെ.യുടെ 01.06.2016 മുതൽ 31.05.2017 വരെയുള്ള ലാവണം തിരുമല്ലവാരം സെന്റ് ജോൺസ് യു.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീ. ബെന്നി എ.യുടെ പ്രഥമാധ്യാപകനായുള്ള സ്ഥാനക്കയറ്റത്തിന്റെ പരിണിത ഒഴിവിൽ ക്രമീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും അവർക്ക് ടി കാലയളവിൽ അർഹതപ്പെട്ട ശമ്പളവും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് സെന്റ് മാർഗരറ്റ്സ് ഗേൾസ് ഹൈസ്കൂൾ പ്രഥമാധ്യാപികയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 17.02.2021-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

4. <u>നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്ന് ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. സത്യനേശൻ കെ., തിരുവനന്തപുരം സമർപ്പിച്ച ഹർജി.</u>

(ഫയൽ നം.1484/ബി.സി.സി.2/2021/നി.സെ.)

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കൂലിപ്പണിക്കാരനായ ഹർജിക്കാരന് ബി.പി.എൽ കാർഡ് അല്ലാത്തതുകൊണ്ട് കോവിഡ്-19 സാഹചര്യത്തിൽ സർക്കാർ അനുവദിച്ച ആനുകൂല്യം കിട്ടിയില്ലെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ബി.പി.എൽ കാർഡ് അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് 08.07.2020 തീയതിയായി സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിലേക്കയച്ചുകൊടുത്തതിനെ തുടർന്ന് വകുപ്പ് 23.04.2021 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതു പ്രകാരം പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളതെന്നും ശ്രീ.സത്യനേശൻ കാർഡുടമയായുള്ള 1106282355-ാം നമ്പർ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 16.09.2021-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം മേൽപ്പറഞ്ഞ ഹർജികളിന്മേൽ അനുകൂല നടപടിയുണ്ടായതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ട ചില പ്രധാന ഹർജി വിഷയങ്ങൾ മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. റിപ്പോർട്ട് കാലയളവിൽ സമിതി തീർപ്പാക്കിയ ഹർജി വിഷയങ്ങൾ അനുബന്ധം-I ആയും സമിതി മുമ്പാകെ തീർപ്പാകാതെയുള്ള ഫയലുകളുടെ ലിസ്റ്റ് അനുബന്ധം-II ആയും ചേർത്തിരിക്കുന്നു. അനുബന്ധം-II ലെ ഹർജികൾ/ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെടുന്നു.

**പി.എസ്. സുപാൽ,**

അദ്ധ്യക്ഷൻ,

പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,

10-8-23

## അനുബന്ധം - I

## സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾക്കനുസൃതമായി തീർപ്പാക്കിയ ഫയലുകളുടെ ലിസ്റ്റ്

| ക്രമ നം. | ഹർജി വിഷയം / ഫയൽ നമ്പർ | മറുപടി ലഭ്യമാക്കിയ വകുപ്പുകൾ |
|---|---|---|
| 01 | പി.എസ്.സി.യുടെ റൊട്ടേഷൻ സമ്പ്രദായം പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.പി.മുരളീധരൻ,പൂയപ്പള്ളി സമർപ്പിച്ച ഹർജി. (ഫ.നം. 10661/ബി.സി.സി 1/2004/നി.സെ) | 1) പട്ടികജാതി പട്ടിക വർഗ്ഗ വികസനം<br>2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(റൂൾസ്) |
| 02 | ഹോർട്ടികൾച്ചർ കോർപ്പറേഷനിൽ സ്ഥിരമായി കിട്ടേണ്ടിയിരുന്ന നിയമനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ ആർ. വിജയൻ,തിരുവനന്തപുരം സമർപ്പിച്ച ഹർജി. ( ഫ.നം. 3333/ബി.സി.സി 1/2009/നി.സെ) | 1)തൊഴിലും പുനരധിവാസവും<br>2) കൃഷി |
| 03 | മക്കളുടെ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ വി.എം. ഉദയകുമാർ, ചേരാനല്ലൂർ സമർപ്പിച്ച ഹർജി. (ഫ.നം. 4769/ബി.സി.സി 1/2010/നി.സെ) | ആരോഗ്യ കുടുംബ ക്ഷേമം |
| 04 | വിവിധ ആവശ്യങ്ങളിന്നയിച്ച് ശ്രീമതി കെ.പി. താഹിറ, എറണാകുളം സമർപ്പിച്ച ഹർജി. (ഫ.നം. 4782/ബി.സി.സി 1/2010/നി.സെ) | 1) ഭവന നിർമ്മാണം<br>2) സാമൂഹ്യ നീതി<br>3) പിന്നാക്ക വിഭാഗ വികസനം |
| 05 | വിവിധ ആവശ്യങ്ങളുന്നയിച്ച് അഖിലകേരള പെരുങ്കൊല്ല സമാജം സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ എ.എൻ. സുരേന്ദ്രബാബു, തൃശ്ശൂർ സമർപ്പിച്ച ഹർജി. ( ഫ.നം. 4732/ബി.സി.സി 1/2015/നി.സെ) | 1)ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(റൂൾസ്)<br>2)പൊതുവിദ്യാഭ്യാസം<br>3) പിന്നാക്ക വിഭാഗ വികസനം |
| 06 | വിവിധ ആവശ്യങ്ങളുന്നയിച്ച് അഖില കേരള പെരുങ്കൊല്ല സമാജം ജനറൽ സെക്രട്ടറി ശ്രീ എ.എൻ. സുരേന്ദ്രബാബു, തൃശ്ശൂർ സമർപ്പിച്ച ഹർജി. (ഫ.നം. 5331/ബി.സി.സി 1 /2015 /നി.സെ) | 1)പിന്നാക്ക വിഭാഗ വികസനം<br>2)ഉന്നതവിദ്യാഭ്യാസം |
| 07 | കെ.ടെറ്റ് പാസ്സാകുന്നതിന് ഒ.ബി.സി വിഭാഗക്കാർക്കുള്ള ഇളവുകൾ ഒ.ഇ.സി വിഭാഗക്കാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ എൽ. ഹരികൃഷ്ണൻ, കരുനാഗപ്പള്ളി സമർപ്പിച്ച ഹർജി. (ഫ.നം. 869/ബി.സി.സി 1/ 2017/നി.സെ) | പൊതുവിദ്യാഭ്യാസം |
| 08 | സംവരണം അട്ടിമറിച്ച് നടത്തുന്ന സർക്കാർ നിയമനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പട്ട് ശ്രീ.മുനീർ.വൈ, കൊല്ലം സമർപ്പിച്ച ഹർജി. (ഫ.നം. 2034/ബി.സി.സി 1/2017/നി.സെ) | വിജിലൻസ് |

| | | |
|---|---|---|
| 09 | കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. വഴിയുള്ള ബ്ലാക്ക് സ്മിത്ത് നിയമനം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. ഷഹീദ്.കെ.റ്റി., കോഴിക്കോട് സമർപ്പിച്ച ഹർജി.<br>(ഫ.നം. 4449/ബി.സി.സി 1/2019/നി.സെ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(റൂൾസ്) |
| 10 | വീടിന് ഭീഷണിയായ ആഞ്ഞിലി മരം മുറിച്ച് മാറ്റുന്നതിനതിന് നടപടിയാവശ്യപ്പെട്ട് ശ്രീ.തങ്കരാജ്,തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫ.നം. 4970/ബി.സി.സി 1/2019/നി.സെ) | തദ്ദേശസ്വയംഭരണം |
| 11 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വട്ടക സമുദായ സാംസ്കാരിക സമിതി ജനറൽ സെക്രട്ടറി ശ്രീ. ടി. ദേവൻ, പാലക്കാട് സമർപ്പിച്ച ഹർജി.<br>(ഫ.നം. 8901/ബി.സി.സി.2/2002/നി.സെ.) | 1) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>2) ഉന്നതവിദ്യാഭ്യാസം<br>3) തൊഴിലും നൈപുണ്യവും<br>4) റവന്യൂ |
| 12 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഇന്ത്യൻ നാഷണൽ ലീഗ്, കൊല്ലം ജില്ലാ കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ.കെ.എസ്.പുരം അൻസിൽ സമർപ്പിച്ച ഹർജി.<br>(ഫ.നം. 5748/ബി.സി.സി.2/2008/നി.സെ.) | 1) പിന്നാക്ക വിഭാഗ വികസനം<br>2) ഉന്നതവിദ്യാഭ്യാസം<br>3) പൊതുവിദ്യാഭ്യാസം<br>4) തദ്ദേശസ്വയംഭരണം<br>5) ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം (റൂൾസ്) |
| 13 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വിളക്കിത്തല നായർ സമാജം പ്രസിഡന്റ് ശ്രീ.കെ.ആർ. സുരേന്ദ്രൻ, ഏറ്റുമാനൂർ സമർപ്പിച്ച ഹർജി.<br>(ഫയൽ നം.6146/ബി.സി.സി.2/2008/ നി.സെ.) | 1) ഉന്നതവിദ്യാഭ്യാസം<br>2) പൊതുഭരണം (സൈനികക്ഷേമം)<br>3) പൊതുഭരണം (ഏകോപനം)<br>4) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>5) റവന്യൂ (ദേവസ്വം)<br>6) തദ്ദേശസ്വയംഭരണം<br>7) ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം (ഉപദേശ-സി)<br>8) പൊതുഭരണം (ന്യൂനപക്ഷക്ഷേമം) |
| 14 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഞ്ചുമന വിശ്വകർമ്മ ധർമ്മോദ്ധാരണ സമാജം ജനറൽ സെക്രട്ടറി ശ്രീ.ഇ.ആർ. പങ്കജാക്ഷൻ, എറണാകുളം സമർപ്പിച്ച ഹർജി.<br>(ഫ.നം. 5987/ബി.സി.സി.2/2008/നി.സെ.) | 1) റവന്യൂ (ദേവസ്വം)<br>2) ഉന്നതവിദ്യാഭ്യാസം<br>3) പൊതുവിദ്യാഭ്യാസം<br>4) തൊഴിലും നൈപുണ്യവും |

| | | |
|---|---|---|
| | | 6) പൊതുഭരണം (ന്യൂനപക്ഷക്ഷേമം)<br>7) റവന്യൂ<br>8) റവന്യൂ (ദേവസ്വം) |
| 22 | അർഹതപ്പെട്ട പ്രൊമോഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ആയ ശ്രീ. പി. മുഹമ്മദ് സമർപ്പിച്ച ഹർജി.<br>(ഫയൽ നം.3633/ബി.സി.സി.2/2012/നി.സെ.) | ആഭ്യന്തര വകുപ്പ്. |
| 23 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള വിളക്കിത്തല നായർ സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ.എസ്.ഭാസ്കരൻ നായർ, കൊല്ലം സമർപ്പിച്ച ഹർജി.<br>(ഫയൽ നം.5618/ബി.സി.സി.2/2013/ നി.സെ.) | പിന്നാക്ക വിഭാഗ വികസന വകുപ്പ്. |
| 24 | ഫിഷറീസ്, കാർഷിക, വെറ്ററിനറി, ആരോഗ്യ സർവ്വകലാശാലകളിൽ സാമുദായിക സംവരണം നടപ്പാക്കണമെന്നാവശ്യപ്പെട്ട് മെക്ക സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് ശ്രീ.എം.അലിയാരുകുട്ടി, എറണാകുളം സമർപ്പിച്ച ഹർജി.<br>(ഫ.നം. 6535/ബി.സി.സി.2/2015/നി.സെ.) | 1) മൃഗസംരക്ഷണം<br>2) കൃഷി<br>3) ആരോഗ്യ കുടുംബക്ഷേമം<br>4) മത്സ്യബന്ധന തുറമുഖം |
| 25 | ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) LPSA മലപ്പുറം റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ മലപ്പുറം ജില്ല കൺവീനർ ശ്രീ. നിയാസ് പി.കെ. സമർപ്പിച്ച ഹർജി.<br>(ഫ.നം. 6152/ബി.സി.സി.2/2018/നി.സെ.) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം (റൂൾസ്) |
| 26 | ഹൈക്കോടതി ജഡ്ജിമാരുടെ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച്.<br>(ഫയൽ നം.3807/ബി.സി.സി.2/2020/ നി.സെ.) | നിയമ (ഒപ്പീനിയൻ ഇ) വകുപ്പ് |
| 27 | പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി(1998-2000)യുടെ പതിമൂന്നാമത് റിപ്പോർട്ട് - അനന്തര നടപടി - സംബന്ധിച്ച്.<br>(ഫയൽ നം. 10988/ബിസിസി3/1999/നി.സെ.) | 1) ജലവിഭവ വകുപ്പ്<br>2) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| 28 | വിവിധ ആവശ്യങ്ങളുന്നയിച്ച് അഖില കേരള വിൽക്കുറുപ്പ് മഹാസഭ സംസ്ഥാന കമ്മിറ്റി വൈസ് പ്രസിഡന്റ് ശ്രീ. ഡി. ശ്രീധരൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 13711/ബിസിസി3/2003/നി.സെ.) | 1) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്<br>2) പിന്നാക്ക സമുദായ വികസന വകുപ്പ് |

| | | |
|---|---|---|
| 15 | സാംസ്കാരിക വകുപ്പിന്റെ കീഴിലെ ആർക്കൈവ്സ് വകുപ്പിലെ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്.<br>(ഫ.നം. 6168/ബി.സി.സി.2/2008/നി.സെ.) | സാംസ്കാരിക കാര്യ വകുപ്പ്. |
| 16 | സാംസ്കാരിക വകുപ്പിന്റെ കീഴിലെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിലെ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്.<br>(ഫ.നം. 6177/ബി.സി.സി.2/2008/നി.സെ.) | സാംസ്കാരിക കാര്യ വകുപ്പ്. |
| 17 | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി ജീവനക്കാരുടെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്.<br>(ഫയൽ നം.1048/ബി.സി.സി.2/2009/ നി.സെ.) | ഉന്നതവിദ്യാഭ്യാസ വകുപ്പ് |
| 18 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, തിരുവനന്തപുരം ജില്ലാ കമ്മിറ്റി വർക്കിംഗ് പ്രസിഡന്റ് ശ്രീ.എ.സുധീർ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 2435/ബി.സി.സി.2/2009/നി.സെ) | 1) ഉന്നതവിദ്യാഭ്യാസം<br>2) സഹകരണം<br>3) തൊഴിലും നൈപുണ്യവും<br>4) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>5) പൊതുവിദ്യാഭ്യാസം |
| 19 | ഹിന്ദു നാടാർ സമുദായത്തിന്റെ വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് വിജിലൻസിനെകൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യാ നാടാർ അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ.എൻ.കെ. ഭാസി, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം.2578/ബി.സി.സി.2/2009/ നി.സെ.) | 1) റവന്യൂ<br>2) വിജിലൻസ് |
| 20 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള പണ്ഡിതർ മഹാസഭ ജനറൽ സെക്രട്ടറി ശ്രീ.വി.എൻ.അനിൽകുമാർ, കോട്ടയം സമർപ്പിച്ച ഹർജി.<br>(ഫയൽ നം.690/ബി.സി.സി.2/2010/ നി.സെ.) | 1) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>2) റവന്യൂ<br>3) റവന്യൂ (ദേവസ്വം)<br>4) ഉന്നതവിദ്യാഭ്യാസം<br>5) സാമൂഹ്യനീതി<br>6) തൊഴിലും നൈപുണ്യവും |
| 21 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മഞ്ചേരി എസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറി അഡ്വ.എം.രാജൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നം.5607/ബി.സി.സി.2/2010/നി.സെ.) | 1) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>2) തദ്ദേശസ്വയംഭരണം<br>3) പൊതുവിദ്യാഭ്യാസം<br>4) ഉന്നതവിദ്യാഭ്യാസം<br>5) പൊതുഭരണം (പൊളിറ്റിക്കൽ) |

| | | |
|---|---|---|
| 29 | ഹയർസെക്കൻഡറിഅദ്ധ്യാപക നിയമനത്തിനും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിനും അപേക്ഷിക്കാൻ എസ്.സി./എസ്.ടി., ഒ.ബി.സി. വിഭാഗത്തിന് മാർക്കിളവ് നല്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. ഉണ്ണികൃഷ്ണൻ, പാലക്കാട് സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 3118/ബിസിസി3/2010/നി.സെ.) | പൊതു വിദ്യാഭ്യാസ വകുപ്പ് |
| 30 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സർക്കാർ മെറിറ്റ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന എസ്.ഇ.ബി.സി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് സമസ്ത കേരള സുന്നി യുവജന സംഘം കാസർഗോഡ് ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 120/ബിസിസി3/2012/നി.സെ.) | പിന്നാക്ക വിഭാഗ വികസന വകുപ്പ് |
| 31 | അനെർട്ടിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് അഡ്വ. ലഡ്ഗർ ബാവ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 2045/ബിസിസി3/2012/നി.സെ.) | ഊർജ്ജ വകുപ്പ് |
| 32 | പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി(2014-16)യുടെ പത്താമത് റിപ്പോർട്ട് - അനന്തര നടപടി - സംബന്ധിച്ച്.<br>(ഫയൽ നം. 1296/ബിസിസി3/2015/നി.സെ.) | 1) പൊതു വിദ്യാഭ്യാസ വകുപ്പ്<br>2) ഉന്നത വിദ്യാഭ്യാസ വകുപ്പ്<br>3) പിന്നാക്ക വിഭാഗ വികസന വകുപ്പ് |
| 33 | വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള നായ്ക്കൻ സമുദായ സംരക്ഷണ സമിതി ജില്ലാ പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 37/ബിസിസി3/2018/നി.സെ.) | പിന്നാക്ക വിഭാഗ വികസന വകുപ്പ് |
| 34 | അപകടാവസ്ഥയിൽ നിൽക്കുന്ന തെങ്ങ് മുറിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. എൽ. ചെല്ലദാസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 4390/ബിസിസി3/2019/നി.സെ.) | തദ്ദേശസ്വയംഭരണ വകുപ്പ് |
| 35 | മകന് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭ്യമാക്കാണമെന്നാവശ്യപ്പെട്ട് ശ്രീ. ആർ. ശ്രീധരൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 7085/ബിസിസി3/2019/നി.സെ.) | പിന്നാക്ക വിഭാഗ വികസന വകുപ്പ് |

15



**അനുബന്ധം II**

**സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ പരിഹൃതമാകാത്ത ഫയലുകളുടെ ലിസ്റ്റ്**

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

| ക്രമ നം. | ഫയൽ നമ്പർ | വിഷയം | സർക്കാരിലേയ്ക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നം. |
|---|---|---|---|---|
| 1 | 6320/ബി.സി.സി1/2010/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ (മെക്ക) വയനാട് ജില്ലാ കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ. അസൈനാർ സമർപ്പിച്ച ഹർജി. | 14.03.2011 | 22.03.2017-ലെ 169/ബി3/16/പി.വി.വി.വ. നമ്പർ കത്ത്. |
| 2 | 2828/ബി.സി.സി1/2012/നി.സെ. | മുസ്ലീം സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലീം സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ. പി.റ്റി. മൊയ്തീൻകുട്ടി, കോഴിക്കോട് സമർപ്പിച്ച ഹർജി. | 03.10.2022 | 08.08.2022-ലെ ബി3/26/22/പി.വി.വി.വ. നമ്പർ കത്ത്. |
| 3 | 4361/ബി.സി.സി1/2012/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീരാമവിലാസം ചവളർ സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ. പി.കെ. അശോകൻ സമർപ്പിച്ച ഹർജി. | 17.09.2012 | 26.10.2017-ലെ 398/ബി3/16/പി.വി.വി.വ. നമ്പർ കത്ത്. |
| 4 | 4364/ബി.സി.സി1/2012/നി.സെ. | വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി തൃശ്ശൂർ കമ്മിറ്റി സമർപ്പിച്ച ഹർജി. | 19.09.2012 | 26.10.2017-ലെ 11593/ബി3/16/പി.സ.വി.വ. നമ്പർ കത്ത്. |
| 5 | 5582/ബി.സി.സി1/2013/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഡോ. സി.എൻ. സോമരാജൻ, കുണ്ടറ സമർപ്പിച്ച ഹർജി. | 20.12.2013 | 24.11.2017-ലെ 1578/ബി3/16/പി.വി.വി.വ. നമ്പർ കത്ത്. |

| | | | | |
|---|---|---|---|---|
| 6 | 5614/ബി.സി.സി1/2013/നി.സെ. | ചക്കാലനായർ സമുദായത്തിന്റെ വിദ്യാഭ്യാസ ഉദ്യോഗ സംവരണം പുന:സ്ഥാപിച്ച് നൽകണം എന്നാവശ്യപ്പെട്ട് സ്വതന്ത്ര നായർ കരയോഗ സെക്രട്ടറി ശ്രീ. സോമശേഖരൻ നായർ സമർപ്പിച്ച ഹർജി. | 13.01.2014 | 13.02.2014-ലെ 403/എ 3/14/പി. സ.വി.വ.നമ്പർ കത്ത്. |
| 7 | 56/ബി.സി.സി1/2014/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ചെട്ടി മഹാസഭ, അഖില കേരള ചെക്കാല/ചെക്കാല നായർ സമുദായ സംഘം പ്രസിഡന്റ് സമർപ്പിച്ച ഹർജി. | 14.02.2014 | 23.07.2022-ലെ ബി3/13/22/പി. വി.വി.വ.നമ്പർ കത്ത്. |
| 8 | 5780/ബി.സി.സി1/2014/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള യാദവ സേവാസമിതി സംസ്ഥാന പ്രസിഡന്റ് അഡ്വ. ടി. മണി സമർപ്പിച്ച ഹർജി. | 06.11.2014 | 26.04.2018-ലെ ബി3/1433/16/പി. വി.വി.വ.നമ്പർ കത്ത്. |
| 9 | 2544/ബി.സി.സി1/2016/നി.സെ. | സമിതി(2014-16)യുടെ 14-ാമത് റിപ്പോർട്ട്-ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 02.06.2016 | 18.12.2020-ലെ ബി3/216/20/പിവി.വി.വ. നമ്പർ കത്ത്. |
| 10 | 3148/ബി.സി.സി1/2017/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള എഴുത്തച്ഛൻ സമാജം സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.ആർ. സുരേഷ് സമർപ്പിച്ച ഹർജി. | 17.08.2017 | 10.04.2018-ലെ 1768882/ബി3/17/ പി.വി.വി.വ. നമ്പർ കത്ത്. |
| 11 | 3150/ബി.സി.സി1/2017/നി.സെ. | കുംഭാര സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നും പ്രത്യേക സംവരണം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ.എൻ. കുട്ടമണി സമർപ്പിച്ച ഹർജി. | 17.08.2017 | 23.11.2017-ലെ 1768890/ബി3/17/ പി.വി.വി.വ. നമ്പർ കത്ത്. |
| 12 | 4189/ബി.സി.സി1/2017/നി.സെ | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വടുക സമുദായ സാംസ്കാരിക സമിതി സെക്രട്ടറി ശ്രീ. എം.രവീന്ദ്രൻ, പാലക്കാട് സമർപ്പിച്ച ഹർജി. | 20.10.2017 | 28.06.2022-ലെ 110/ബി3/21/പി.വി.വി.വ. നമ്പർ കത്ത്. |

| | | | | |
|---|---|---|---|---|
| 13 | 4894/ബി.സി.സി1/2018/നി.സെ | വാണിയവിഭാഗത്തെ ഒ.ഇ.സി.യിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. രാധാകൃഷ്ണൻ ഇരവിൽ സമർപ്പിച്ച ഹർജി. | 22.10.2018 | 25.05.2019-ലെ 29/ബി3/18/പി.വി.വി.വ. നമ്പർ കത്ത്. |
| 14 | 6228/ബി.സി.ഡി1/2019/നി.സെ | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പണ്ഡിതരുടെയും അവാന്തര വിഭാഗങ്ങളുടെയും പിന്നോക്കാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എസ്. ഷിജുകുമാർ, കോട്ടയം സമർപ്പിച്ച ഹർജി. | 26.11.2019 | 25.01.2022-ലെ 77/എ 2/20/പി.വി.വി.വ. നമ്പർ കത്ത്. |
| 15 | 7089/ബി.ഡി.സി1/2019/നി.സെ | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വിളക്കിത്തല നായർ സമാജം പ്രസിഡന്റ് ശ്രീ.എൻ. മോഹനൻ, ചങ്ങനാശ്ശേരി സമർപ്പിച്ച ഹർജി. | 31.12.2019 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 16 | 4210/ബി.ഡി.സി1/2020/നി.സെ | ഉപാധ്യായ വിഭാഗത്തെ നിലവിലെ പിന്നോക്ക സമുദായം എന്ന നിലയിൽ നിന്നും മുന്നോക്ക സമുദായം എന്ന നിലയിലേക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് ഉപാധ്യായക്ഷേമ സഭ കേരള സ്റ്റേറ്റ് ജനറൽ സെക്രട്ടറി ശ്രീ. റ്റി. സോമരാജൻ പൂന്താനം സമർപ്പിച്ച ഹർജി. | 23.10.2020 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 17 | 13982/ബി.സി.സി1/2021/നി.സെ | ലത്തീൻ കത്തോലിക്കാ വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയൻ പ്രസിഡന്റ് ഫാ. സ്റ്റീഫൻ എം. പുന്നയ്ക്കൽ, ആലപ്പുഴ സമർപ്പിച്ച ഹർജി. | 18.09.2021 | 04.10.2021-ലെ 129/ബി3/21/പി.വി.വി.വ. നമ്പർ കത്ത്. |
| 18 | 17878/ബി.സി.സി1/2021/നി.സെ | എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റായി രേഖപ്പെടുത്തിയ ജാതിപ്പേര് തിരുത്തി ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ആതിരകൃഷ്ണൻ സമർപ്പിച്ച ഹർജി. | 09.11.2021 | 05.04.2022 ലെ BCDD.B1/27/22/BCDD നമ്പർ കത്ത്. |

| | | | | |
|---|---|---|---|---|
| 19 | 18127/ബി.സി.സി1/2021/നി.സെ | തൊട്ടിയനായ്ക്കർ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് തൊട്ടിയനായ്ക്കർ സമുദായ സംഘം പ്രസിഡന്റ് ശ്രീ. ജയകുമാർ എം., പാലക്കാട് സമർപ്പിച്ച ഹർജി | 09.11.2021 | 11.01.2022-ലെ 239/എ 2/21/പി.വി.വി.വ. നമ്പർ കത്ത്. |
| 20 | 1268/ബി.സി.സി2/2012/നി.സെ | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലീം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ. ഉസ്മാൻ താമരാത്ത് സമർപ്പിച്ച ഹർജി. | 22.02.2022 | 21.10.2014-ലെ 267/എ 3/12/പി.വി.വി.വ. നമ്പർകത്ത്. (അധികവിവരം) |
| 21 | 4396/ബി.സി.സി2/2012/നി.സെ | സ്കോളർഷിപ്പ് അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് എം.കെ.തിലകൻ സമർപ്പിച്ച ഹർജി. | 21.02.2022 | 11.08.2021-ലെ 141/എ 2/21/പി.വി.വി.വ. നമ്പർ കത്ത്. |
| 22 | 342/ബി.സി.സി2/ 2013/നി.സെ. | കേരള യാദവ സേവാസമിതി പ്രസിഡന്റ് അഡ്വ. ടി മണി, മാനന്തവാടി സമർപ്പിച്ച ഹർജി | 08.03.2016 | 678/എ 3/2013/ പിസവിവ. |
| 23 | 6781/ബി.സി.സി2/2014/നി.സെ | ദേശീയ പിന്നോക്ക വിഭാഗ മുന്നണി ദേശീയ സെക്രട്ടറി ശ്രീ. ശശിധരൻപിള്ള, തിരുവനന്തപുരം സമർപ്പിച്ച ഹർജി. | 16.12.2014 | 26.10.2019-ലെ 61/എ 2/15/പി.വി.വി.വ. നമ്പർ കത്ത്. |
| 24 | 4191/ബി.സി.സി2/2017/നി.സെ. | കടയൻ വിഭാഗത്തിന് പെരുങ്കൊല്ലൻ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് അഖില കേരള പെരുങ്കൊല്ല സമാജം പല്ലശ്ശന ശാഖാ പ്രസിഡന്റ് ശ്രീ. പരമേശ്വരൻ വി. പല്ലാവൂർ ശാഖാ സെക്രട്ടറി ശ്രീ. ബാലകൃഷ്ണൻ കെ. എന്നിവർ സമർപ്പിച്ച ഹർജികൾ | 19.10.2017 | 10.01.2022-ലെ 65/ബി3/21/പി.വി.വി.വ. നമ്പർ കത്ത്. |
| 25 | 4192/ബി.സി.സി2/2017/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കളിമൺപാത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (സി.ഐ.റ്റി.യു.) | 09.11.2017 | 24.11.2017-ലെ |

| | | | | |
|---|---|---|---|---|
| | | പാലക്കാട് ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ.സി.രാജൻ സമർപ്പിച്ച ഹർജി. | | 1971271/ബി3/17/പി.വി.വി.വ. നമ്പർ കത്ത്. |
| 26 | 4197/ബി.സി.സി2/2017/നി.സെ | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള പെരുങ്കൊല്ല സമാജം ജനറൽ സെക്രട്ടറി ശ്രീ. എ.എൻ. സുരേന്ദ്രബാബു സമർപ്പിച്ച ഹർജി. | 20.10.2017 | 23.11.2017-ലെ 1945611/ബി3/17/ പി.വി.വി.വ. നമ്പർ കത്ത്. |
| 27 | 39/ബി.സി.സി2/2018/നി.സെ | ഒ.ഇ.സി.ആനുകൂല്യം അനുവദിക്കണമെന്നാവശ്യപ്പെട്ട് വയനാട് ജില്ലാ മൗണ്ടാടൻ ചെട്ടി സമുദായ സംഘം പ്രസിഡന്റ് ശ്രീ. സി.വി. വേലായുധൻ സമർപ്പിച്ച ഹർജി. | 24.11.2018 | 02.08.2018-ലെ 2230205/ബി3/18/പി.വി.വി.വ. നമ്പർ കത്ത്. |
| 28 | 4709/ബി.സി.സി2/2018/നി.സെ | പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. | 03.09.2018 | 03.06.2021-ലെ 217/ബി3/20/പി.വി.വി.വ. നമ്പർ കത്ത്. |
| 29 | 3201/ബി.സി.സി2/2019/നി.സെ. | പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. | 17.06.2019 | 17.09.2021-ലെ 99/ബി3/21/പി.വി.വി.വ. നമ്പർ കത്ത്. |
| 30 | 7082/ബി.സി.സി2/2019/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള വിശ്വകർമ്മ സഭ സെക്രട്ടറി ശ്രീ. പി. വിശ്വനാഥൻ ആചാരി, പത്തനംതിട്ട സമർപ്പിച്ച ഹർജി. | 13.01.2020 | 20.08.2020-ലെ 153/ബി3/20/പി.വി.വി.വ. നമ്പർ കത്ത്. |
| 31 | 7087/ബി.സി.സി2/2019/നി.സെ. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി പത്തനംതിട്ട ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ. ജയൻ തലക്കുളം സമർപ്പിച്ച ഹർജി. | 13.01.2020 | 16.04.2021-ലെ 154/ബി2/20/പി.വി.വി.വ. നമ്പർ കത്ത്. |